(ഡി) കൈക്കൂലി കൈപ്പറ്റിയെന്ന ഹർജിക്കാരുടെ പരാതിയിന്മേൽ അന്വേഷണം പാടില്ലെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) 11-4-2016. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുള്ളതിനാൽ അന്വേഷണം നടത്തേണ്ടിയിരുന്നില്ല.

(സി) പരാതിയിൽ അന്വേഷണം നടത്തിയിട്ടില്ല. സർക്കാർ നിയോഗിച്ച സോളാർ കമ്മീഷന്റെ തെളിവെടുപ്പിൽ വിസ്തരിച്ചുകൊണ്ടിരുന്ന സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സ്വമേധയാ അന്വേഷിക്കാൻ അധികാരമില്ല. വിജിലൻസ് കോടതിയുടെ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജിയിലുണ്ടായ സ്റ്റേ നിലനിൽക്കുന്നു.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ വിജിലൻസ് കോടതിയുടെ ഉത്തരവിലെ നിർദ്ദേശം പ്രഥമദൃഷ്ട്യാ നിയമപരമല്ലെന്നുകണ്ട് രണ്ടുമാസത്തേയ്ക്ക് ടി ഉത്തരവ് സസ്പെന്റ് ചെയ്തിട്ടുള്ളതിനാൽ വിജിലൻസ് കോടതി ഉത്തരവിലെ നിർദ്ദേശം പരിഗണനാർഹമല്ല.

ടൈറ്റാനിയം അഴിമതി

233 (1977) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൈറ്റാനിയം കേസിൽ നിലവിൽ മുഖ്യമന്ത്രി പ്രതിയാണോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

ടൈറ്റാനിയം കേസിൽ നിലവിൽ മുഖ്യമന്ത്രി പ്രതിയല്ല.

വിജിലൻസ് സംവിധാനം

234 (1978) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് സംവിധാനം, സ്വതന്ത്ര അധികാരം എന്നീ കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി ഹൈക്കോടതി നിയമിച്ച അമിക്കസ്ക്യൂറിമാരുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് നിലനിൽക്കുന്ന എന്ത് സാഹചര്യം കണക്കിലെടുത്തു കൊണ്ടായിരുന്നു ഹൈക്കോടതി ഇത്തരമൊരു നിലപാടിൽ എത്തിച്ചേർന്നിരുന്നത്;

(സി) വിജിലൻസിന്റെ നവീകരണത്തെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കാനുള്ള ഹൈക്കോടതി നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; വിധിക്കെതിരെ സർക്കാർ സ്റ്റേ സമ്പാദിച്ചിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ;

(ഡി) വിജിലൻസിന് സ്വതന്ത്രമായും നിയമാനുസൃതമായും പ്രവർത്തിക്കാൻ സാധിക്കാത്തതിന്റെ സാഹചര്യം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച്, WPC No. 2530/14, 2272/15 കേസുകളിൽ വാദത്തിനിടയിൽ വിജിലൻസ് സംവിധാനം, സ്വതന്ത്ര അധികാരം എന്നീ കാര്യങ്ങൾ പഠിക്കുന്നതിന് രണ്ട് അമിക്കസ്ക്യൂറിമാരെ നിയമിച്ച് ഉത്തരവായിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്തിരിക്കുന്നു.

(ബി) സിംഗിൾ ബഞ്ച് ഉത്തരവിൽ സാഹചര്യങ്ങളൊന്നും പരാമർശിച്ചിട്ടില്ല.

(സി) വിജിലൻസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ സ്വതന്ത്രാധികാരവും പ്രവർത്തന സ്വാതന്ത്ര്യവും നിലനിൽക്കുന്നില്ലെന്ന സൂചന ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഉത്തരവിലുണ്ടായിരുന്നതിനാലും ഇത് വസ്തുതകൾക്ക് വിരുദ്ധമായതിനാലും, കൂടാതെ സിംഗിൾ ബഞ്ച് പരിഗണിക്കുന്ന ഹർജി ഒരു പൊതുതാല്പര്യ ഹർജി അല്ലാത്തതിനാൽ പ്രസ്തുത ഹർജിയിൽ ഉന്നയിക്കപ്പെടാത്ത വിവിധ വിഷയങ്ങൾ ഏറ്റെടുക്കുന്നതിന് ബഹു. സിംഗിൾ ബഞ്ച് ജഡ്ജിക്ക് അധികാരമില്ലാത്തതിനാലുമാണ് നിയമപരമല്ലാത്ത സിംഗിൾ ബഞ്ച് ഉത്തരവിനെ ചോദ്യം ചെയ്ത് സർക്കാർ സമർപ്പിച്ച റിട്ട് അപ്പീലിൽ സ്റ്റേ സമ്പാദിച്ചിട്ടുള്ളത്.

(ഡി) വിജിലൻസ് സ്വതന്ത്രമായും നിലവിലുള്ള നിയമ വ്യവസ്ഥകൾക്കും വിധേയമായാണ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly